# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വള്ളികുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.6/914/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 24/02/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വള്ളികുന്നം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-എ.എൽ.പി-പി.6/914/2021 തീയ്യതി: 24/02/2022

## ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-07-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ആർ.രാജീവ് | ഡെപ്യൂട്ടി ഡയറക്ടർ | 04-10-2021 | 23-10-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-10-2021 | 23-10-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.മിനി.പി.രാധാകൃഷ്ണൻ ,ഓഡിറ്റ് ഓഫീസർ
ശ്രീമതി.സിന്ധ്യ.പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുഷ.റ്റി.പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മനേഷ്കുമാർ.ജി സീനിയർ ഗ്രേഡ്ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി ഇന്ദിര തങ്കപ്പൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ എസ്സ്. പ്രജീപ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഷാഹിദാബീവി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.തോമസ് മാത്യു | വെറ്ററിനറി സർജൻ | 01-04-2019 | 27-07-2019 |
| ഡോ.ലക്ഷ്മി | വെറ്ററിനറി സർജൻ | 28-07-2019 | 31-03-2020 |
| ദിവ്യ.വി.എസ്സ് | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2019 | 01-12-2019 |
| ശ്രീലേഖ.വി. | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 02-12-2019 | 31-03-2020 |
| ഡോ.റിഷാദ് | എം.ഒ.പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ബിന്ദു | എം.ഒ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.ശ്രീലേഖ.കെ | എം.ഒ. ഹോമിയോ | 01-04-2019 | 31-03-2020 |
| ഉഷാദേവി.ഒ | എച്ച്.എം.ഗവ.എൽ.പി.എസ്സ് | 01-04-2019 | 31-03-2020 |
| സുരേഷ്.കെ.ജി | അസി. എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| ജയലക്ഷ്മി.ആർ | അസി. എഞ്ചിനീയർ | 01-08-2019 | 02-12-2019 |
| ഷീജ.എൻ | അസി. എഞ്ചിനീയർ | 03-12-2019 | 31-03-2020 |
| ഗോപകുമാർ | അസി. സെക്രട്ടറി | 01-04-2019 | 24-07-2019 |
| ജയശ്രീ.എസ്സ് | അസി. സെക്രട്ടറി | 01-08-2019 | 31-03-2020 |
| ബീന.എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 26-12-2019 |
| റിഷി.എസ്സ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 27-12-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Mini.P.Radhakrishnan (Audit Officer, On 11-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക<br>Written By: Mini.P.Radhakrishnan (Audit Officer, On 11-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-2 |
| 3 | വാര്‍ഷിക കണക്കിലെ അപാകതകള്‍<br>Written By: Mini.P.Radhakrishnan (Audit Officer, On 27-11-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Mini.P.Radhakrishnan (Audit Officer, On 11-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 11-10-2021)<br>Last Updated By: Rajeev R (Deputy Director, On 22-02-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Mini.P.Radhakrishnan (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 22-02-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികള്‍<br>Written By: Mini.P.Radhakrishnan (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Mini.P.Radhakrishnan (Audit Officer, On 20-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-8 |
| 10 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്റെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 22-02-2022) | 1-9 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Mini.P.Radhakrishnan (Audit Officer, On 20-10-2021)<br>Last Updated By: Rajeev R (Deputy Director, On 13-01-2022) | 1-10 |
| 12 | വാണിജ്യ ആവശ്യങ്ങള്‍ക്കുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിര്‍ണ്ണയത്തില്‍ ഗണ്യമായ കുറവ് -<br>Written By: Maneshkumar G (Senior Grade Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 22-02-2022) | 1-11 |
| 13 | സ്ഥാപന തൊഴില്‍ നികുതി ഈടാക്കുന്നില്ല<br>Written By: Maneshkumar G (Senior Grade Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-12 |
| 14 | ഓഡിറ്റ് ഇംപാക്ട്:-അംഗീകരിച്ച നിരക്കില്‍ അധികരിച്ച് കരാറുകാരന് നല്‍കിയ 20,170/-രൂപ ഓഡിറ്റ് അന്വേഷണത്തെ തുടര്‍ന്ന് തിരിച്ചടച്ചു<br>Written By: Mini.P.Radhakrishnan (Audit Officer, On 22-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-13 |
| 15 | യഥാസമയം പൂര്‍ത്തീകരിക്കാത്ത വര്‍ക്കുകളില്‍ നിന്നും ഫൈന്‍ ഈടാക്കുന്നില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-14 |
| 16 | കരാറുകാരില്‍ നിന്നും ജി.എസ്.ടി ഈടാക്കുന്നില്ല | 1-15 |

| | | |
|---|---|---|
| | Written By: Mini.P.Radhakrishnan (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 22-02-2022) | |
| 17 | റിടെൻഷൻ തുക- സെക്യൂരിറ്റി ഡെപ്പോസിറ്റായി തനതുഫണ്ടിൽ സൂക്ഷിക്കുന്നില്ല<br>Written By: Mini.P.Radhakrishnan (Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-16 |
| 18 | കെ.എസ്.ഇ.ബി മുഖേനയുള്ള നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 20-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-17 |
| 19 | അനധികൃത കയ്യേറ്റം ഒഴിപ്പിച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-18 |
| 20 | ജെം പോർട്ടൽവഴി വാങ്ങലുകൾ നടത്തുന്നില്ല<br>Written By: Sindhya.P (Asst. Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-19 |
| 21 | നിഷ്ക്രിയമായി കിടന്ന ട്രാക്ടർ പുനരുപയോഗപ്രദമാക്കി<br>Written By: Susha.T.Pillai (Asst. Audit Officer, On 21-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-20 |
| 22 | വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല<br>Written By: Sindhya.P (Asst. Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 1-21 |
| 23 | ലൈഫ് പദ്ധതി അവലോകനം<br>Written By: Sindhya.P (Asst. Audit Officer, On 25-10-2021)<br>Last Updated By: Rajeev R (Deputy Director, On 22-02-2022) | 1-22 |
| 24 | 2019-20 സാമ്പത്തികവർഷം വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളെക്കുറിച്ചുള്ള അവലോകനം<br>Written By: Maneshkumar G (Senior Grade Auditor, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 22-02-2022) | 1-23 |
| 25 | തൊഴിലുറപ്പ് അവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 23-10-2021)<br>Last Updated By: Rajeev R (Deputy Director, On 22-02-2022) | 1-24 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 22-02-2022) | 4-1 |
| 2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 4-3 |
| 4 | വായ്പ വായ്പാ തിരിച്ചടവ്<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021) | 4-6 |

| | | |
|---|---|---|
| | Last Updated By: Mini.P.Radhakrishnan (Audit Officer, On 19-10-2021) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 4-7 |
| 8 | ചാർജ്ജ്- സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 18-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Mini.P.Radhakrishnan (Audit Officer, On 20-10-2021)<br>Last Updated By: Rajeev R (Deputy Director, On 14-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Mini.P.Radhakrishnan (Audit Officer, On 19-10-2021)<br>Last Updated By: Rajeev R (Deputy Director, On 22-02-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 1.03.2019ലെ 12-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 228255732 | 224462436 |
| വാർഷിക കണക്ക് (I&E സ്റ്റേറ്റ്മെന്റ് പ്രകാരം) | 126970543 | 129264182 |

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2020 | 08.06.2020 |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

1. സ.ഉ. (സാധാ) നം.6105/2019 ധന തീയതി,01.08.2019, സ.ഉ (സാധാ) നം.10050/2019 ധന തീയതി. 21.12.2019 ഉത്തരവുകൾ പ്രകാരം വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും 102941/- രൂപ വീതം രണ്ട് പ്രാവശ്യമായി 205882/-രൂപ ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവു ചെയ്തിരിരുന്നു. എന്നാൽ 102941/- രൂപയുള്ള പ്രോജക്ട് മാത്രമേ സുലേഖ ചെലവു പത്രികയിൽ ഉള്ളൂ.

2. അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ട്നം.63/പൊതു ശൗചാലയ നിർമ്മാണം എന്ന പദ്ധതിയുടെ ചെലവ് വിവരം സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വാർഷിക കണക്കിലെ അപാകതയിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണം നം.3/19-20/06.10.21 ന് ക്രമ നം.1 ലെ അപാകത ക്രമീകരിയ്ക്കുന്നതിനുള്ള ലെഡ്ജറും, ക്രമ നം.2 ലെ അപാകം പഞ്ചായത്തിന്റേതല്ലാത്ത തെറ്റുമൂലമാണ് എന്നും മറുപടിയായി ലഭ്യമാക്കിയിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 13084632 |
| വരവ് | 80017621 |
| ആകെ | 93102253 |
| ചെലവ് | 74627564 |
| നീക്കിയിരിപ്പ് | 18474689 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | |
|---|---|---|---|---|---|
| | | | | പ്രോജക്ട് | ലാപ്സ്ഡ് |
| വികസനഫണ്ട് പൊതുവിഭാഗം | | 16407813 | 16407813 | 13121270 | 3286543 |
| വികസനഫണ്ട് എസ്.സി.പി. | | 11351059 | 11351059 | 8580861 | 2770198 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | | | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 12544092 | 12544092 | 5870407 | 6673685 |
| സംരക്ഷണഗ്രാന്റ് റോഡ് | | 13318000 | 13318000 | 5444839 | 7873161 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | 4781000 | 4781000 | 4036560 | 744440 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 133 | 108751247 | 47 | 54566963 | 52 | 34 | 35% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9438 | 1359341 | 1368779 | 688946 | 679833 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 42537000 | 42537000 | 42537000 | 0 |
| ആകെ | 9438 | 43896341 | 43905779 | 43225946 | 679833 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 201480 | 94 |
| കർഷകതൊഴിലാളി പെൻഷൻ | 1315200 | 424 |
| വിധവ പെൻഷൻ | 4273200 | 335 |
| വാർദ്ധക്യകാല പെൻഷൻ | 9693900 | 2851 |
| വികലാംഗ പെൻഷൻ | 1271900 | 299 |
| അവിവാഹിത പെൻഷൻ | 207000 | 27 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.2021 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29031/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.09.2021 | 08/2021 | ലഭിച്ചിട്ടില്ല |
| അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.03.2020 | 2018-19 | 25.05.2020 |

## 1-10 ആഭ്യന്തര നിയന്ത്രണം

താഴെ ചേർക്കുന്ന കാര്യങ്ങൾ ഒഴികെ, ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ കാര്യക്ഷമമാണ്. പുറംപോക്ക് ഭൂമി സംബന്ധിച്ച വിവരം കൃത്യമായി സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയ്യേറുന്നതായുള്ള

പരാതികൾ മിനിട്സിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും പുറമ്പോക്ക് ഭൂമിയുടെ സംരക്ഷണം തൃപ്തികരമല്ലന്നു വ്യക്തമാകുന്നു. ഇവ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. വാണിജ്യആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും ക്ഷമതയുള്ള അധികാരികളുടെ സാക്ഷ്യപ്പെടുത്തലോടെ വാർഷിക സ്റ്റോക്ക് ബാലൻസ് പരിശോധന നടത്തുന്നില്ല. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം കുറ്റമറ്റതാകാൻ കൂടതൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിൽ ഗണ്യമായ കുറവ് -

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 ഏഴ് വിഭാഗങ്ങളിലായി തിരിച്ചിരിക്കുന്ന ഓരോ ഇനം കെട്ടിടത്തിന്റെയും അവയുടെ ഉപഗണങ്ങളുടെയും അടിസ്ഥാനവസ്തുനികുതി നിരക്ക് സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. അടിസ്ഥാന വസ്തുനികുതിയുടെ കൂടിയതും കുറഞ്ഞതുമായ നിരക്കുകൾ തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 14.01.11 ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/2011/ത.സ്വ.ഭ.വ പ്രകാരം നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പരിധിയിലെ 100 ച.മീറ്ററ് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 50/- രൂപയും 200 ച.മീറ്ററിന് മുകളിലുള്ള വാണിജ്യ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ച.മീറ്ററിന് 70/-രൂപയും ആയി നികുതി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് പരിശോധനയിൽ ചില വാണിജ്യാവശ്യകെട്ടിടങ്ങൾക്ക് അവയുടെ ആകെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തിയിട്ടില്ലായെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര്, വിലാസം | വാർഡ് നമ്പർ | കെട്ടിടനം. | ആകെ തറ വിസ്തീർണ്ണം | ചുമത്തിയ നികുതി@50 | ചുമത്തേണ്ട നികുതി@70 | കുറവ് |
|---|---|---|---|---|---|---|
| ശ്രീ. രവികുമാർ. കല്ല്യാണിശ്ശേരിൽ, ഇലപ്പിക്കുളം | 1(ചൂനാട്) | 250/A | 78.01 | 3901 | 5461 | 1560 |
| | | 250/B | 78.1 | 3901 | 5461 | 1560 |
| | | 250/C | 40.54 | 2027 | 2838 | 811 |
| | | 250/D | 15.1 | 755 | 1057 | 302 |
| | | 250/E | 65.3 | 3265 | 4571 | 1306 |
| | | 250/F | 65.3 | 3265 | 4571 | 1306 |
| | | 250/G | 21.3 | 1065 | 1491 | 426 |
| | | 250/H | 21.4 | 1070 | 1498 | 428 |
| | | 250/I | 21.3 | 1065 | 1491 | 426 |
| | | 250/J | 21.53 | 1077. | 1507 | 430 |
| | | 250/K | 31.8 | 1590 | 2226 | 636 |
| | | 250/L | 63.2 | 3160 | 4424 | 1264 |
| | | 250/M | 26.5 | 1325 | 1855 | 530 |
| | | 250/N | 24.45 | 1222.5 | 1711.5 | 489 |
| | | 250/O | 21.3 | 1065 | 1491 | 426 |
| | | 250/P | 22.1 | 1105 | 1547 | 442 |
| | | 250/Q | 22.1 | 1075 | 1547 | 472 |
| | | 250/R | 20.4 | 1020 | 1428 | 408 |
| | | | 659.24 | 32962 | 46187 | 13225 |
| രാമചന്ദ്രൻ പിള്ള കുരുമ്പോലിൽ (പ്രശാന്തി) | 15(വളച്ചാൽ) | കെട്ടിടനം. | ആകെ തറ വിസ്തീർണ്ണം | ചുമത്തിയ നികുതി@30 | ചുമത്തേണ്ട നികുതി@70 | കുറവ് |
| | | 130 | 24.99 | 749.7 | 1749.3 | 996.6 |
| | | 131 | 20 | 600 | 1400 | 800 |
| | | 132 | 24.99 | 749.7 | 1749.3 | 999.6 |
| | | 133 | 15 | 450 | 1050 | 600 |

| | | | | |
|---|---|---|---|---|
| 134 | 20 | 600 | 1400 | 800 |
| | | ചുമത്തിയ നികുതി@50 | | |
| 134A | 79.84 | 3992 | 5588.8 | 1596.8 |
| 134B | 48.94 | 2447 | 3425.8 | 978.8 |
| 134D | 19.05 | 952.5 | 1333.5 | 381 |
| | 252.81 | 10563 | 17698 | 7159 |

ടി ചട്ടങ്ങളിലെ 3-ാം ചട്ടം 5-ാം ഉപചട്ട പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ഥ ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പറയും പ്രകാരം വ്യത്യസ്ഥ ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ മാത്രമാണ് കെട്ടിടങ്ങളെ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണ്ണയിക്കേണ്ടത്. വാണിജ്യാവശ്യ കെട്ടിടങ്ങൾ ഉടമയുടെ സൌകര്യാർത്ഥം വ്യത്യസ്ഥ നമ്പറുകൾ നൽകി വ്യത്യസ്ഥകെട്ടിടങ്ങളായി നികുതി നിർണ്ണയിക്കുമ്പോൾ ആകെ തറവിസ്തീർണ്ണത്തിന് ബാധകമായ നിരക്ക് ചുമത്തേണ്ടതാണ്. ഇതിന് സഞ്ചയ സോഫ്റ്റ്‌വെയറിലുള്ള സൌകര്യം ഉപയോഗപ്പെടുത്തേണ്ടതാണ്. പ്രസ്തുത കെട്ടിടങ്ങളെ റീ അസസ് ചെയ്യേണ്ടതും അസസ്മെന്റ് വർഷം മുതലുള്ള നികുതി കുടിശ്ശിക ഈടാക്കേണ്ടതുമാണ്. അടിസ്ഥാന വസ്തുനികുതിയിൻമേൽ വരുത്തേണ്ട ഇളവുകൾ, വർദ്ധനവുകൾ എന്നിവ സംബന്ധിച്ചും ഇതിന് അടിസ്ഥാനമാക്കേണ്ട ഘടകങ്ങൾ എന്തെല്ലാമാണെന്നത് സംബന്ധിച്ചും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങളിലെ ചട്ടം-6 വ്യക്തമാക്കുന്നുണ്ട്. ഈ ചട്ടത്തിലെ പട്ടിക -2 ന്റെ ക്രമ നം-1 ഇന പ്രകാരം അഞ്ച് മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതുണ്ട്. 2019-2020 സാമ്പത്തിക വർഷം ഈടാക്കുന്നതിൽ ആകെ കുറവ് വന്ന വസ്തു നികുതി 20381 രൂപ (മറ്റ് വർദ്ധനവുകൾ,ലൈബ്രറി സെസ്സ് എന്നിവ ആനുപാതികമായി പ്രത്യേകം കണക്കാക്കി)ആകെ കുറവ് വന്ന വസ്തു നികുതി 20381 ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഉൾപ്പടെ ഈടാക്കേണ്ടതാണ്.

## 1-12 സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

തൊഴിൽ നികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഇനം | കാലയളവ് |
|---|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ്, വള്ളികുന്നം | സ്ഥാപന തൊഴിൽ നികുതി | 2019-20 Ist&IInd അർദ്ധവാർഷികങ്ങൾ |
| 3 | കെ.എസ്.ഇ.ബി. ചുനാട് | സ്ഥാപന തൊഴിൽ നികുതി | 2019-20 Ist&IInd അർദ്ധവാർഷികങ്ങൾ |

ഓഡിറ്റ് എൻക്വയറി നമ്പർ 11/12.10.21 നൽകിയതിന് പ്രസ്തുത സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന മറുപടി 22.10.21 തീയതിയിൽ ലഭ്യമാക്കുകയുണ്ടായി.

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 ഓഡിറ്റ് ഇംപാക്ട്:-അംഗീകരിച്ച നിരക്കിൽ അധികരിച്ച് കരാറുകാരന് നൽകിയ 20,170/-രൂപ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് തിരിച്ചടച്ചു

പ്രോജക്റ്റ് നം.S0032/20

എം.ബുക്ക് നം.30/V/19-20

ബിൽ നം.20/19-20 തീയതി 16-02-2020

ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ കണ്ണം കോമത്ത് -വേലയ്യത്ത് റോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ, വർക്ക് ഏറ്റെടുത്ത കരാറുകാരൻ സി.പ്രകാശിന് ഐറ്റം റേറ്റ് BOQ പ്രകാരം അംഗീകരിച്ച നൽകിയ റേറ്റിൽ അധികരിച്ച് മൂല്യം തിട്ടപ്പെടുത്തി താഴെപ്പറയും പ്രകാരം അധികം തുക ചെലവഴിച്ചതായി കണ്ടെത്തുകയും തുടർന്ന് 6-10-2020 ൽ നൽകിയ 2ാം നം.ഓഡിറ്റ് അന്വേഷണത്തിലൂടെ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്ന്

വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു.

| ഇനം | അംഗീകരിച്ച നിരക്ക്/അളവ് | അനുവദിച്ച നിരക്ക് | ചെയ്ത പ്രവർത്തിയുടെ അളവ് | അധികം നൽകിയത് |
|---|---|---|---|---|
| Construction Of Plain Cementconcrete Pavement......as Per Technical Specifications Etc.,complete | 91.133cum@7191/cum | 7295/cum | 91.133 Cum | 9477.832 |
| 2Filling Up Low Laying.....consolidation By Ramming Etc., Complete | 43.500cum@970/cum | 900/cum | 43.44cum | - 3040.80 |
| 3.Construction Of Subgrade And Earthen Shoulders......and Load Up To1000m Asper Technical Specifications | 80.976cum@275./cum | 450/cum | 78.47 Cum | 13732.25 |
| ആകെ വ്യത്യാസം | | | | 20169.282 |

അളവ് തിട്ടപ്പെടുത്തി മൂല്യം നിർണ്ണയിച്ചതിലെ അപാകത ബോധ്യപ്പെട്ട്, കരാറുകാരന് അധികം നൽകിയ തുക 16-10-2021 ലെ രസീത് നം.121030102048 പ്രകാരം പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൌണ്ടിൽ തിരിച്ചടച്ചിട്ടുണ്ട്. വികസനഫണ്ടിൽ നിന്നുള്ള അധികചെലവായതിനാൽ ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്.

## 1-14 യഥാസമയം പൂർത്തീകരിക്കാത്ത വർക്കുകളിൽ നിന്നും ഫൈൻ ഈടാക്കുന്നില്ല

പഞ്ചായത്തിന്റെ അധീനതയിലുള്ള സാംസ്കാരിക നിലയം, പി.എച്ച്.സി, ശ്മശാനം എന്നിവിടങ്ങളിലായി പൊതുശൌചാലയങ്ങൾ നിർമ്മിക്കുന്നതിനായി തയ്യാറാക്കിയ പദ്ധതിയുടെ അടങ്കൽ 9,00,000/-രൂപയാണ്. 5,40,000/- രൂപ കേന്ദ്രാവിഷ്കൃത ഫണ്ടും 3,60,000/-രൂപ വികസന ഫണ്ടുമാണ് ഈ വർക്കിന് വകയിരുത്തിയിട്ടുള്ളത്. കരാർ രേഖകൾ, എം.ബുക്ക്, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, എഗ്രിമെന്റ് നം 35/AE/LSGD /VKM/2018-19 തീയതി 11-02-2019 പ്രകാരം വർക്ക് ഏറ്റെടുത്ത ഈ പ്രവർത്തിയുടെ കരാർ കാലാവധി 4 മാസമാണ് (എഗ്രിമെന്റ് റജിസ്റ്റർ പുറം 9 സെലക്ഷൻ നോട്ടീസ് എന്നിവ പ്രകാരം). എം,ബുക്ക് നം.69/v/19-20 പേജ് നം.50 Vol 2 പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചത് 13-05-2020 ൽ ആണ്. ആകെ 8,14,233/-രൂപ രണ്ട് ബില്ലുകളിലായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ലാസ്റ്റ് & ഫൈനൽ ബിൽ പ്രകാരമുള്ള 3,88,692/-രൂപയ്ക്ക് മാത്രം 1% ഫൈൻ ഈടാക്കികാണുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ എ.സി.2/223/16 തസ്വ.ഭ.വ നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ അനുസരിച്ച് എഗ്രീഡ് PACക്ക് അനുസരിച്ചും, വർക്ക് പൂർത്തീകരിക്കുന്നതിനുള്ള കാലതാമസമനുസരിച്ചും മതിയായ തുക ഫൈൻ ഈടാക്കിയിട്ടില്ലായെന്ന് അറിയിച്ച് അസിസ്റ്റന്റ് എഞ്ചിനിയർക്ക് ഓഡിറ്റ് എൻക്വയറി നൽകിട്ടുണ്ട്(നം.8 തീയതി 12-10-2021). ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് പശ്ചാത്തലത്തിൽ ലോക്ക് ഡൌൺ സമയത്ത് നിർമ്മാണ പ്രവർത്തികൾക്ക് പൂർത്തീകരണ കാലാവധി പിഴകൂടാതെ 6മാസം നീട്ടി നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവ് ഒഴിവാക്കിയാണ് കരാറുകാരനിൽ നിന്ന് 1% ഫൈൻ ലാസ്റ്റ് &ഫൈനൽ ബില്ലിൽ ഈടാക്കിയിട്ടുള്ളത്. സർക്കുലറിലെ വ്യവസ്ഥയനുസരിച്ച് എഗ്രീഡ് PACക്ക് അനുസരിച്ച് രണ്ട് ബില്ലുകളിലായി ചെലവഴിച്ച 8,14,233/-രൂപയ്ക്ക് അനുസൃതമായി പിഴ ഈടാക്കേണ്ടതാണ്. മേൽപ്പറഞ്ഞപ്രകാരം കരാറുകാരനിൽ നിന്നും 4255 രൂപകൂടി (8142-3887) ഫൈൻ ഇനത്തിൽ ഈടാക്കേണ്ടതാണ്.

## 1-15 കരാറുകാരിൽ നിന്നും ജി.എസ്.ടി ഈടാക്കുന്നില്ല

ജി.എസ്.ടി നിയമം വകുപ്പ് 51 പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും ബന്ധപ്പെട്ട വിതരണക്കാരനിൽ നിന്ന് 2% തുക ജി.എസ്സ്.ടി ഇനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ജി.എസ്.ടി വകുപ്പിലടക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ 30-07-2019 ലെ സർക്കുലർ നം957/ഇ.ജി.എസ്സ്.-സി/16/ആർ.ഇ.ജി.എസ്സ് പ്രകാരം അന്തിമ ബിൽ അനുസരിച്ചുള്ള ജി.എസ്.ടി തുക സപ്ലെയർ ഗ്രാമ പഞ്ചായത്തിൽ നേരിട്ട് ഒടുക്കുമെന്ന് ഉറപ്പാക്കി ബിൽ സെറ്റിൽ ചെയ്യാവുന്നതും അത്തരത്തിൽ ഗ്രാമപഞ്ചായത്തിൽ ഒടുക്കുന്ന തുക സെക്രട്ടറി യഥാസമയം ജി.എസ്.ടി വകുപ്പിൽ അടക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ 2019-20 വർഷം, തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ താഴെപ്പറയുന്ന മെറ്റീരിയൽ വർക്കുകളിൽ സാധന സാമഗ്രികൾ സപ്ളൈ ചെയ്യുന്ന കരാറുകാരിൽ നിന്നും 2% ജി.എസ്സ്.ടി ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിട്ടില്ല. കരാറുകാരൻ ജി.എസ്.ടി വകുപ്പിൽ തുക അടച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം മാത്രമാണ് ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വർക്കിന്റെ പേര് | കരാറുകാരന്റെ പേര് | മെറ്റീരിയൽ കോസ്റ്റ് | ജി.എസ്.ടി |
|---|---|---|---|
| ചിറയുടെ വീട് റോഡ് കോൺക്രീറ്റിംഗ് (വാർഡ് 7) | പ്രകാശ്.സി | 401304 | 8026 |
| ദൈവപുരക്കൽ-ചെറുപള്ളം റോഡ് കോൺക്രീറ്റിംഗ് | മുഹമ്മദ് സാജിദ് | 346811 | 6936 |

മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ (നം.14 തീയതി, 22-10-2021) കരാറുകാരെ ഈ വിവരം അറിയിച്ചിട്ടുണ്ടെന്നും ജി.എസ്.ടി. വകുപ്പിൽ തുക അടച്ചതിന്റെ രേഖകൾ ലഭ്യമാക്കാത്തപക്ഷം തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. കരാറുകാരിൽ നിന്നും രേഖകൾ ലഭ്യമാകാത്തപക്ഷം തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും മേൽ സർക്കുലർ പ്രകാരം 2.5 ലക്ഷം രൂപയ്ക്ക് തുല്യമോ അതിന് മുകളിലോ മൂല്യം വരുന്ന വ്യാപാരങ്ങൾക്കും സേവനങ്ങൾക്കും, സാധന സാമഗ്രികൾ സപ്ളൈ ചെയ്യുന്ന കരാറുകാരിൽ നിന്നും 2% ജി.എസ്സ്.ടി. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത് ഒടുക്ക് വരുത്തേണ്ടതുമാണ്.

## 1-16 റിടെൻഷൻ തുക- സെക്യൂരിറ്റി ഡെപ്പോസിറ്റായി തനതുഫണ്ടിൽ സൂക്ഷിക്കുന്നില്ല

28-09-2015 ലെ ജി.ഒ.പി നം. 429/2015/ഫിൻ പ്രകാരം, പൊതുമരാമത്ത് വർക്കുകളിൽ പാർട്ട് ബില്ലുകൾ നൽകുമ്പോൾ അവർ ചെയ്ത പ്രവർത്തിയുടെ 2.5% വരുന്ന തുക റിടെൻഷൻ തുകയായി പിടിച്ച് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി തനതുഫണ്ടിൽ സൂക്ഷിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. എന്നാൽ തൻവർഷത്തെ വർക്ക് ഫയലുകൾ പരിശോധിച്ചതിൽ, ചില വർക്കുകളിൽ റിടെൻഷൻ ഇനത്തിൽ കരാറുകാരിൽ നിന്നും പിടിക്കുന്ന തുക സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കുന്നില്ലായെന്ന് കണ്ടെത്തി. ആകെ മൂല്യത്തിൽ നിന്നും റിടെൻഷൻ തുക കുറവ് ചെയ്തശേഷമുള്ള തുകയ്ക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ റിക്വസിഷൻ നൽകുന്നതുമൂലം ഈ തുകകൾ അതാത് ഫണ്ടിൽതന്നെ നിലനിൽക്കുന്ന സാഹചര്യമാണുള്ളത്. കരാർ വ്യവസ്ഥകൾ ലംഘിക്കപ്പെടുമ്പോൾ റിടെൻഷൻ തുകയിൽ നിന്നും നഷ്ടം ഈടാക്കാൻ തൻമൂലം സ്ഥാപനത്തിന് കഴിയാതെ വരുന്നു.

നടപടിക്രമങ്ങളിലെ മേൽ അപാകത സംബന്ധിച്ച് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.6 തീയതി,11-10-2021) മറുപടിയിൽ, മേലിൽ ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. റിടെൻഷൻ തുകകൾ തനത് ഫണ്ടിൽ സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കണമെന്ന ഗവൺമെന്റ് നിർദ്ദേശം പാലിക്കേണ്ടതാണ്.

## 1-17 കെ.എസ്.ഇ.ബി മുഖേനയുള്ള നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

2019-20ൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ ചുവടെ ചേർക്കുന്ന നിക്ഷേപ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി യിൽ നിന്നുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക നിക്ഷേപിച്ചിട്ടുണ്ട്.

1 . പ്രോജക്ട് നം. /പേര് . 24/20/സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ

അടങ്കൽ – 2775960 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് - 2775960

ബിൽ നം. 2162360 (8/19-20/16.8.19)

ബിൽ നം. 613600 (12/19-20/19.9.19)

2018-19 ആവിഷ്കരിച്ച വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ എന്ന പദ്ധതിയ്ക്കായി കെ.എസ്.ഇ.ബി യിൽ നിന്നും നല്കിയ 3896360/- രൂപയുടെ എസ്റ്റിമേറ്റ് പ്രകാരം 2018-19 ൽ 1734000/- രൂപ കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിരുന്നു. 2019-20ൽ വള്ളികുന്നം ഇലക്ട്രിക്കൽ സെക്ഷനിൽ 2162360/- രൂപയും മണപ്പള്ളി ഇലക്ട്രിക്കൽ സെക്ഷനിൽ 613600/- രൂപയും നിക്ഷേപിച്ചു.

2. പ്രോജക്ട് നം./ പേര് . 138/19-20 . ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ

അടങ്കൽ – 190000 ( തനതു ഫണ്ട് )

ചെലവ് - 185969

ചെക്ക് നം. 37791/19.09.19- 28519/-

39583/06.12.19 – 157450/-

റോഡ് നിർമ്മാണ പ്രവർത്തികളുടെ ഭാഗമായി വാർഡ് 17 ൽ വാലുതറ-കുളക്കട ജംഗ്ഷനിൽ 5 പോസ്റ്റുകൾ മാറ്റുന്നതിനായി 28519/-രൂപയും മറ്റു വാർഡുകളിലേക്കായി 157450/- രൂപയും കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ചിരുന്നു.

മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുവാൻ ഓഡിറ്റ് അന്വേഷണം നം 7/19-20/11.10.21 നല്കിയതിന് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല എന്ന് മറുപടി നല്കി.

നിക്ഷേപ പ്രവർത്തികൾ ഒന്നും തന്നെ വ്യക്തമായ കരാറിന്റെ പിൻബലത്തിലല്ല നടപ്പാക്കുന്നത്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് നിർവ്വഹണ ഏജൻസിയുമായി വ്യക്തമായ കരാറിൽ ഏർപ്പെടേണ്ടതാണ്. പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ലഭ്യമാക്കാത്തതിനാൽ ചെലവ് തുക 2961929/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 അനധികൃത കയ്യേറ്റം ഒഴിപ്പിച്ചിട്ടില്ല

വള്ളികുന്നം വില്ലേജിൽ ബ്ലോക്ക് 16ൽ റീസർവ്വേ 90/6 ൽപ്പെട്ടതും പടയണിവെട്ടം ക്ഷേത്രത്തിന് വടക്ക് വശത്തുള്ളതുമായ വഴി ശ്രീമതി.പൊന്നമ്മ, കട്ടവുങ്കൽ വീട്, ശ്രീ.രാജേഷ്, കുളത്തിന്റെ കിഴക്കേതിൽ, ശ്രീ.ശങ്കരക്കുറുപ്പ്, കളീക്കൽ വീട് എന്നിവർ അനധികൃതമായി കയ്യേറിയത് ഒഴിപ്പിക്കുന്നതിനായി വള്ളികുന്നം ഗ്രാമ പഞ്ചായത്ത് കമ്മിറ്റി 19.07.2017 ൽ 13(1) നമ്പർ തീരുമാനമെടുത്തിട്ടുള്ളതും 1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും, അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും, ഈടാക്കലും) ചട്ടങ്ങൾ പ്രകാരം പ്രസ്തുത വ്യക്തികൾ അനധികൃത കയ്യേറ്റം ഒഴിഞ്ഞു പോകുന്നതിനുള്ള നിർദ്ദേശം സെക്രട്ടറിയുടെ എ8-4901/26.12.17 നമ്പർ ഉത്തരവ് പ്രകാരം നല്കിയിട്ടുള്ളതുമാണ് .

ഇവർ വസ്തു പഞ്ചായത്തിന് നിയമാനുസൃതം കൈമാറിയിട്ടുണ്ടോ എന്നും ഇല്ലായെങ്കിൽ സ്വീകരിച്ച നടപടികളും അറിയിക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണം നം. 18/20-21/18.10.21 ന് അവർ വസ്തു കൈമാറിയിട്ടില്ല എന്നും വിഷയം ബഹു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രൈബ്യൂണലിന്റെ മുൻപാകെ 86/2018 നമ്പരായി അപ്പീൽ നിലവിലുള്ളതായും അറിയിച്ചു. കേസ് തീർപ്പാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ജെം പോർട്ടൽവഴി വാങ്ങലുകൾ നടത്തുന്നില്ല

വിവിധ നിർവഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകൾ പ്രകാരം 2019-20, 2020-21 വർഷങ്ങളിലായി ധാരാളം വാങ്ങലുകൾ നടത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ GEM വഴി സാധനങ്ങൾ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടില്ല. സ.ഉ. (പി) നം. 07/19/SDP/26-04-19 പ്രകാരം 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെ വാങ്ങലുകൾക്ക് GEM നിർബന്ധമാക്കിയിട്ടുണ്ട്. മേൽ ഉത്തരവ് പ്രകാരം സ്റ്റേഷനറി വകുപ്പ്, ഫയർ ആന്റ് റെസ്ക്യൂ സർവീസസ്, കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി ആഹാര പദാർത്ഥങ്ങൾ, ലബോറട്ടറി മെഡിക്കൽ ഉപകരണങ്ങളുടെ വാങ്ങൽ എന്നിവ GEM മുഖേന വാങ്ങുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ അപാകത ഒഴിവാക്കേണ്ടതാണ്.

## 1-20 നിഷ്ക്രിയമായി കിടന്ന ട്രാക്ടർ പുനരുപയോഗപ്രദമാക്കി

പ്രോജക്ട് നം./പേര് . 114/20/ട്രാക്ടർ മെയിന്റനൻസ്

അടങ്കൽ 238404(തനതു ഫണ്ട്)

ചെലവ് 238404

ബിൽ/ചെക്ക് നം. - 2763237/18.12.19

ഗ്രാമ പഞ്ചായത്ത് 2008-09 കാലയളവിൽ മകര കൊയ്ത്ത് പദ്ധതി പ്രകാരം വാങ്ങിയതും കാലക്രമേണ ഉപയോഗ രഹിതമായി തീർന്നതുമായ ട്രാക്ടർ (രജി. നം.KL3-A 7049) സംബന്ധമായ പരാമർശം 2014-15 സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 4.1.15ആയി ഉൾപ്പെടുത്തിയിരുന്നു. ട്രാക്ടർ റിപ്പയർ ചെയ്ത് പുനരുപയോഗിക്കുന്നതിനായി 2019-20 ൽ പ്രോജക്ട് വച്ച്, അംഗീകൃത ഏജൻസിയായ ആലപ്പുഴ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തെ അറ്റകുറ്റപ്പണികളുടെ ചുമതല ഏൽപ്പിച്ചു.

കെയ്ക്കോയിൽ നിന്നുള്ള 4.11.2019 ലെ എ.എം.ബി.83/19-20 നമ്പർ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 238404/-രൂപ അറ്റകുറ്റപ്പണികൾക്കായി കൈമാറുകയും പ്രവൃത്തി പൂർത്തീകരിച്ച് ലഭിച്ച ട്രാക്ടർ കാർത്ത്യായനിപുരം പാടശേഖര നെല്ലുല്പാദക സമിതിയെ (രജി നം. ALP/TC/473/2018)30.11.2019 ലെ കരാർ പ്രകാരം ഏൽപ്പിക്കുകയും ചെയ്തു. എന്നാൽ ട്രാക്ടർ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ റോട്ടോവേറ്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ അഭാവത്തിൽ പ്രവർത്തനം ആരംഭിയ്ക്കാൻ സാധിക്കാതിരുന്നതിനാൽ ഇവയ്ക്കായി 2020-21ൽ 152/21 നമ്പർ പ്രോജക്ട് മുഖേന 172460/- രൂപ ചെലവഴിച്ച് ഇവ വാങ്ങി പാടശേഖര സമിതിയ്ക്ക് കൈമാറി. കോവിഡ് വ്യാപനം രൂക്ഷമായതിനെ തുടർന്ന് 17.10. 2020 മുതൽ മാത്രമാണ് പൂർണ്ണമായും ട്രാക്ടർ പ്രവർത്തന സജ്ജമായത്.

ഗ്രാമ പഞ്ചായത്തും പാടശേഖര സമിതിയും തമ്മിൽ ഏർപ്പെട്ട കരാർ പ്രകാരം ട്രാക്ടർ പ്രവർത്തിപ്പിക്കുന്നതിനും, വാടകയ്ക്ക്

നല്കുന്നതിനും, രസീത് ബുക്ക് പ്രിന്റ് ചെയ്ത് അത് മുഖേന വാടക ഈടാക്കുന്നതിനും പാടശേഖര സമിതിയ്ക്ക് അനുമതി നല്കിയിട്ടുണ്ട്. ട്രാക്ടർ പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് എല്ലാ പണമിടപാടുകളും നടത്തുന്നതിനായി ജില്ലാ സഹകരണ ബാങ്ക്, ചുനാട് ശാഖയിൽ സമിതി പ്രസിഡന്റ്, സമിതി സെക്രട്ടറി എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിയ്ക്കുന്നതിനും ട്രാക്ടർ പ്രവർത്തിപ്പിക്കുന്നതു സംബന്ധിച്ച ചുമതല പാടശേഖര സമിതി പ്രസിഡന്റ്, പാടശേഖര സമിതി സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, കൃഷി ഓഫീസർ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിക്ഷിപ്തമായിരിയ്ക്കുമെന്നും കരാർ വ്യവസ്ഥ ചെയ്യുന്നു.

ട്രാക്ടർ വരുമാന ദായക ആസ്തിയായി മാറിയിട്ടുണ്ടോ എന്നും അതിന്റെ നിലവിലെ അവസ്ഥയും അറിയിക്കുവാനും പാടശേഖര സമിതിയിൽ നിന്നും രസീതും അനുബന്ധ രേഖകളും പരിശോധനയ്ക്കായി ലഭ്യമാക്കുവാനും ഓഡിറ്റ് അന്വേഷണം നം.5/19-20/08.10.21 നല്കിയതിനെ തുടർന്ന് പാടശേഖര സമിതി സെക്രട്ടറി സമിതിയുടെ മിനിട്ട്സ്, സമിതി അംഗങ്ങൾ തന്നെ ഓഡിറ്റ് ചെയ്ത ട്രാക്ടറിന്റെ വരവ് ചെലവ് കണക്കുകളുടെ സംക്ഷിപ്തം എന്നിവ ഓഡിറ്റിൽ ഹാജരാക്കി. അവർ ട്രാക്ടർ പ്രവർത്തിപ്പിക്കുന്നുണ്ടെന്ന് വരവ് ചെലവ് കണക്കുകളിൽ നിന്നും പാടശേഖര സമിതി മിനിട്ട്സിൽ നിന്നും വ്യക്തമായി. രസീത് ബുക്ക്, വൗച്ചർ, ലോഗ്ബുക്ക് എന്നിവ എഴുതി സൂക്ഷിയ്ക്കുന്നതിനുള്ള നടപടികളും ആരംഭിച്ചു. കോവിഡ് കാലമായിരുന്നതിനാൽ ബാങ്ക് അക്കൗണ്ട് എടുക്കുന്നതിനുള്ള നടപടികൾ മാത്രം പൂർത്തിയായിട്ടില്ല.

നിഷ്ക്രിയമായി കിടന്നതും ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ വരെ പരിഗണനയിലും വന്ന ട്രാക്ടറിനെ അറ്റകുറ്റപ്പണി നടത്തി പ്രയോജന പ്രദമാക്കി അർഹരായ പാടശേഖര സമിതിയ്ക്ക് കൈമാറി എന്നത് ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടായ പ്രോത്സാഹ ജനകമായ നടപടിയാണ്. പാടശേഖര സമിതിയും ഗ്രാമ പഞ്ചായത്തും തമ്മിൽ ഏർപ്പെട്ട കരാറിന് വിധേയമായി ബാങ്ക് അക്കൗണ്ട് ആരംഭിച്ച് തുടർ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. വിഷയം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-21 വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല

പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണെന്നും പദ്ധതി രൂപീകരണ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണെന്നും പദ്ധതി മാർഗ്ഗരേഖ സ.ഉ. (കൈ) നം. 11/2018/ത.സ്വ.ഭ.വ./29-01-2018 ൽ വ്യക്തമാക്കിയിട്ടുണ്ട്. മോണിറ്ററിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നല്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ നിർവഹണ ഉദ്യോഗസ്ഥനാണെങ്കിൽ മോണിറ്ററിംഗ് കമ്മിറ്റിയുടെ കൺവീനറായി മറ്റൊരുദ്യോഗസ്ഥനെ ഭരണസമിതി തീരുമാനിക്കേണ്ടതാണ്. എന്നാൽ വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവുകൾ പരിശോധിച്ചതിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. ഭാവിയിൽ മേൽപ്പറഞ്ഞ അപാകതകൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ലൈഫ് പദ്ധതി അവലോകനം

സ്വന്തമായി ഭൂമിയുള്ള പാവപ്പെട്ട ഭവനരഹിതരായ എല്ലാവർക്കും ഭൂമി ലഭ്യമാക്കുക, മുൻകാലങ്ങളിൽ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കാത്ത വീടുകളുടെ പൂർത്തീകരണം സാധ്യമാക്കുക, വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണം നടത്തുക, വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർക്ക് പുതിയ വീട് ലഭ്യമാക്കുക തുടങ്ങിയവ ലൈഫ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളാണ്.

1) 2019-20 സാമ്പത്തിക വർഷത്തിൽ ലൈഫ് പദ്ധതി പ്രകാരം കരാർ വച്ചതും പൂർത്തീകരിച്ചതുമായ ഭവനങ്ങളുടെ വിശദാംശം വി.ഇ.ഒ. ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ളത് ചുവടെ ചേർക്കുന്നു.

| വർഷം | തൻവർഷം കരാർ വച്ച ഗുണഭോക്താക്കളുടെ എണ്ണം | | തൻവർഷം കരാർ വച്ചതും ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | | മുൻ വർഷം കരാർ വച്ചതും തൻ വർഷം ഭവന നിർമ്മാണം പൂർത്തീകരിച്ചതുമായ ഗുണഭോക്താക്കളുടെ എണ്ണം | |
|---|---|---|---|---|---|---|
| | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. | ജനറൽ | എസ്.സി. |
| 2019-20 | 02 | - | 02 | - | 67 | 09 |

2) ആകെ ചെലവഴിച്ച തുകയുടെ കണക്ക്

| വർഷം | പദ്ധതി വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാ വിഹിതം | ലോൺ | സ്റ്റേറ്റ് വിഹിതം | ആകെ |
|---|---|---|---|---|---|---|
| 2019-20 | 740000 | 425839 | 194161 | 4120000 | 6900000 | 12680000 |

## 1-23 2019-20 സാമ്പത്തികവർഷം വിവിധ സാമൂഹ്യക്ഷേമ പെൻഷനുകളെക്കുറിച്ചുള്ള അവലോകനം

| പെൻഷൻ ഇനം | ആകെ അപേക്ഷകരുടെ എണ്ണം | അനുവദിച്ചത് | നിരസിച്ചത് | നിലവിലെ ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 10 | 07 | 03 | 424 | 1315200 |
| ഭിന്നശേഷി പെൻഷൻ | 22 | 20 | 02 | 299 | 1271900 |
| വിധവാ പെൻഷൻ | 68 | 56 | 08 | 335 | 4273200 |
| വാർദ്ധക്യകല പെൻഷൻ | 309 | 251 | 58 | 2851 | 9693900 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിത വനിതകൾക്കുള്ള പെൻഷൻ | 02 | 02 | 00 | 27 | 207000 |

## 1-24 തൊഴിലുറപ്പ് അവലോകനം

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം തൊഴിലുറപ്പ പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 147 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 4253 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2137 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2132 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 116272 |
| ഒരു കുടുംബത്തിന ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 55 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുമ്പങ്ങൾ | 72 |

ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 342 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 342 |
| തൻവർഷം പൂർത്തിയാക്കിയത് | 272 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 25 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 10 |

വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 32 | 9000000 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 5 | 1000000 |
| 3 | ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 69 | 12025000 |
| 4 | വരൾച്ചാ നിവാരണം | ഇല്ല | ഇല്ല |
| 5 | റൂറൽ കണക്റ്റിവിറ്റി | 32 | 7710000 |
| 6 | മറ്റ് പ്രവൃത്തികൾ | 134 | 2281000 |

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3323690 | 1.പാലിന് സബ്സിഡി (ജനറൽ)<br>2.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്<br>3.ലൈഫ് ഭവനനിർമ്മാണം(എസ്സ്.സി) | 1550839 | 2777049 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 725000 | 1.ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ്<br>2.പാലിന് സബ്സിഡി (ജനറൽ)<br>3.ലൈഫ് ഭവന നിർമ്മാണം(എസ്സ്.സി) | 1279161 | 1400558 |

### 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവർത്തി നടത്തിയതിന്റെയും ബാക്കി തുകയുടേയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൌച്ചർ നം/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈൻ എക്സ്റ്റെൻഷൻ | (1)8/19-20 /16.8.19-2162360 (2)12/19-20 /19.9.19/ 613600 | 2775960 | - | 2775960 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സാഫാപിക്കൽ | 37791/19.9.19-28519 39583/6.12.19 /157450 | 185969 | - | 185969 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവർത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃസമിതികൾക്ക് തുക നൽകിയതിന്റെ വിവരം -

ഇല്ല

### 4-4 വായ്പ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | | 4240000 | 12323235 | 1235294 | | 15327941 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2014-15 | 4.1.15 | നിഷ്ക്രിയാസ്തി സംബന്ധിച്ച് | ആസ്തി പ്രവർത്തനക്ഷമം ആക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| 2015-16 | 2.2 | തൊഴിൽ നികുതിയിലെ അപാകത | കുടിശ്ശിക തുക ഈടാക്കുന്നതിന് നടപടി സ്വീകരിച്ചു. |

## 4-8 ചാർജ്ജ്- സർചാർജ്ജ് നടപടികളുടെ വിവരം

(എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 80017621 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74627564 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2961929 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-17 | 2961929 | എസ്സ്.പ്രദീപ് സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എസ്സ്.പ്രദീപ് സെക്രട്ടറി | സെക്രട്ടറി വള്ളികുന്നം ഗ്രാമ പഞ്ചായത്ത് | കണിശ്ശേരിതറയിൽ ആലുംകടവ് പി.ഒ കരുനാഗപ്പള്ളി |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-1999 (ചെലവ്) | എൽ.എഫ്.ജി.എ5-1832/11 തീയതി 03.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2003-04 | എൽ.എഫ്.ജി.എ.5-1832/11 തീയതി 02.02.2012 (ഓഡിറ്റ് അദാലത്ത്) |
| 2006-07 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2007-08 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2008-09 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2009-10 | എൽ.എഫ്.ജി.എ.5-1577/14 തീയതി 21.05.2014 (ഓഡിറ്റ് അദാലത്ത്) |
| 2010-11 | എൽ.എഫ്.എ.പി.6-1299/12തീയതി 26.12.12/11.01.2013 (ഓഡിറ്റ് അദാലത്ത്) |
| 2011-12,2012-13 | എൽ.എഫ്.എ.പി.6-939/14/19.08.2014 |
| 2013-14 | കെ.എസ്.എ-എപിഇസഡ്-പി.6-1095/2015 തീയതി.11.08.2015 |
| 2014-15 | നം.കെ.എസ്.എ-എ.എൽ.പി/പി.6-659/16 തീയതി: 04.07.2016 |
| 2015-16 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1535/16 തീയതി: 03.01.2017 |
| 2016-17 | നം.കെ.എസ്.എ-എ.എൽ.പി/പി.6-1386/17 തീയതി: 13.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽപി/പി6/1551/2018 തീയതി.23.11.2018 |
| 2018-19 | കെ.എസ്.എ/എ.എൽപി/പി6/931 തീയതി.06-11-2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്